**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2658** **06-10-2025 - ൽ മറുപടിയ്ക്ക്**

**ചീമേനി വ്യവസായ പാർക്കിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ചീമേനി വ്യവസായ പാർക്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷം തന്നെ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാനായി സർക്കാർ ഏറ്റെടുത്ത് ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് നൽകിയ ഭൂമി, വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി വ്യവസായ വകുപ്പിന് കൈമാറി കിട്ടുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി 29-09-2025-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഭൂമി കൈമാറ്റം സംബന്ധിച്ച് സമവായത്തിലെത്തിയിട്ടുണ്ട്. ഭൂമി വ്യവസായ വകുപ്പിന് കൈമാറികിട്ടുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | രണ്ട് ബജറ്റുകളിലായി 30 കോടി രൂപ വകയിരുത്തിയ ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ സമയബന്ധിത ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാനായി സർക്കാർ ഏറ്റെടുത്ത് ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് നൽകിയ ഭൂമി, വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി വ്യവസായ വകുപ്പിന് കൈമാറി കിട്ടുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി 29-09-2025-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഭൂമി കൈമാറ്റം സംബന്ധിച്ച് സമവായത്തിലെത്തിയിട്ടുണ്ട്. ഭൂമി വ്യവസായ വകുപ്പിന് കൈമാറികിട്ടുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ